# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3122 — 22.06.2012-ൽ മറുപടിയ്ക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പബ്ലിക്ക് പ്രൈവറ്റ്-പാർട്ണർഷിപ്പ് വ്യവസ്ഥയിൽ സംരംഭങ്ങളിൽ ഏർപ്പെടാൻ അനുമതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സാജുപോൾ : | | ഡോ.എം.കെ.മുനീർ (ബഹു:പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) പബ്ലിക് -പ്രൈവറ്റ് -പാർട്ണർ ഷിപ്പ് വ്യവസ്ഥയിൽ സംരംഭങ്ങളിൽ ഏർപ്പെടാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ അനുവദിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | പി.പി.പി.വ്യവസ്ഥയിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള നിർദ്ദേശങ്ങൾ ഇതിന്റെ നോഡൽ ഏജൻസിയായ ഐ.സി.ഐ.സി.ഐ/കിൻഫ്ര മുഖേനയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേനയും ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ പരിശോധനയ്ക്ക് ശേഷം പ്രസ്തുത പദ്ധതികൾക്ക് അംഗീകാരം നൽകി വരുന്നുണ്ട്. കൂടാതെ തൃശ്ശൂർ ജില്ലയിലെ തളിക്കുളം, മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി എന്നിവിടങ്ങളിൽ കേന്ദ്ര സർക്കാർ 35% വരെ ഗ്രാന്റ് നൽകുന്ന 'പുര' പദ്ധതി പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കുന്നുണ്ട്. |
| (ബി) പ്ലാനിംഗ് ബോർഡ് ഇക്കാര്യത്തിൽ വല്ല നിർദ്ദേശങ്ങളും മുന്നോട്ടു വച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ (2012-17) സമീപന രേഖയിൽ പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് വ്യവസ്ഥയിൽ പല സംരംഭങ്ങൾക്കും തുടക്കം കുറിക്കുന്നതിന് പ്രത്യേകിച്ച് ഖര മാലിന്യ നിർമ്മാർജ്ജനം പോലുള്ളവയ്ക്ക് തുടക്കം കുറിയ്ക്കുന്നതിനും അതുവഴി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അധികാര പരിധിയിലുള്ള മേഖലകളിൽ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും നിർദ്ദേശിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം നഗരങ്ങളിൽ പി.പി. പി വ്യവസ്ഥയിൽ സംരംഭ ങ്ങൾ ആരംഭിക്കാനാണ് സർ ക്കാർ ഉദ്ദേശിക്കുന്നത്; | (സി) | തൃശ്ശൂർ, കോഴിക്കോട്, കൊച്ചി, തിരൂർ നഗരങ്ങളിൽ പി.പി.പി വ്യവസ്ഥയിൽ സംരംഭങ്ങൾ ആരംഭിക്കാൻ ഉദ്ദേശി ക്കുന്നുണ്ട്. പി.പി.പി വ്യവസ്ഥയിലുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ തിരുവനന്തപുരം,കൊല്ലം, കോഴിക്കോട്, കണ്ണൂർ, കോട്ടയം, തൃശ്ശൂർ നഗരങ്ങളിൽ ആരംഭിക്കുന്നതിന് നടപടികൾ സ്വീക രിച്ചു വരുന്നു. |
| (ഡി) | ഇത് സംബന്ധമായ വ്യവസ്ഥ കൾക്ക് അന്തിമരൂപം നൽകി യിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | ഇത്തരം സംരംഭങ്ങൾക്ക് സർ ക്കാർ വക ഭൂമി നൽകാനു ദ്ദേശമുണ്ടോ? | (ഇ) | ഐ.സി.ഐ.സി.ഐ. കിൻഫ്ര മുഖാന്തിരം നടപ്പാക്കുന്ന പദ്ധതികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂമി നൽകുന്നുണ്ട്. കരാറിൽ പറഞ്ഞിട്ടുള്ള കാലാവധിയ്ക്ക് ശേഷം ടി ഭൂമിയും അതിൽ സ്വകാര്യ പങ്കാളിത്തത്തോടെ നിർമ്മിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളും മറ്റെല്ലാ പ്രവർത്തനങ്ങളും ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനത്തിലേക്ക് കൈമാറ്റം ചെയ്യപ്പെടും എന്ന വ്യവസ്ഥയോടെയാണ് ഭൂമി നൽകുക. തിരുവനന്തപുരം നഗരത്തിലെ ഖരമാലിന്യ സംസ്കരണ പ്ലാന്റിന് ട്രിഡയുടെ ഭൂമിയാണ് ലഭ്യമാക്കുന്നത്. |

സെക്ഷൻ ഓഫീസർ